## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3603 26.06.2012 ൽ മറുപടിയ്ക്ക്

## മോഡൽ സെക്ഷനാഫീസുകളിലെ സ്റ്റാഫ് പാറ്റേൺ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) ഇലക്ട്രിക്കൽ സെക്ഷനാഫീസുകൾ മോഡൽ സെക്ഷനാഫീസുകളായി പ്രഖ്യാപിക്കാറുണ്ടോ; എങ്കിൽ എന്ന മുതലാണ് അപ്രകാരം ചെയ്യാൻ തുടങ്ങിയത്;<br><br>(ബി) ഈ പദ്ധതികൊണ്ടുള്ള ഉദ്ദേശമെന്താണ്;മോഡൽ സെക്ഷനാഫീസുകളുടെ ജില്ല തിരിച്ചുള്ള പേര് വിവരം വ്യക്തമാക്കാമോ; | (എ) & (ബി) ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടു കൂടി 15.06.2009 ലെ ബോർഡ് ഉത്തരവ് നമ്പർ 1543/2009 (CP/R&P/Plg.1/Model Section/2009-10) പ്രകാരം 75 സെക്ഷനുകൾ 01.06.2009 മുതൽ മോഡൽ സെക്ഷനുകളാക്കി മാറ്റിയിരുന്നു. തുടർന്ന് 02.12.2010 ലെ ബോർഡ് ഉത്തരവ് നമ്പർ.3122/2010 (PP/R&P/Plg.1/Model Section/2010-11) പ്രകാരം 01.01.2011 മുതൽ എല്ലാ സെക്ഷൻ ഓഫീസുകളും മോഡൽ സെക്ഷനുകളാക്കി മാറ്റിയിട്ടുണ്ട്. മോഡൽ സെക്ഷനുകളുടെ ജില്ല തിരിച്ചുള്ള പേര് വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) മറ്റ് സെക്ഷനാഫീസുകളിലെയും മോഡൽസെക്ഷനാഫീസുകളിലെയും സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ; | (സി) മോഡൽ സെക്ഷനാഫീസുകളുടെ സ്റ്റാഫ് പാറ്റേൺ ചുവടെ ചേർക്കുന്നു. |

| | |
|---|---|
| അസിസ്റ്റന്റ് എൻജിനീയർ | 1 |
| സീനിയർ സൂപ്രണ്ട് | 1 |
| സബ് എൻജിനീയർ | 3 |

[2...

| | |
|---|---|
| സീനിയർ അസിസ്റ്റന്റ് | വർക്ക് നോം പ്രകാരം |
| ഓവർസിയർ | 6 |
| ലൈൻമാൻ | 12 |
| മീറ്റർ റീഡർ | വർക്ക് നോം പ്രകാരം |
| കാഷ്യർ | വർക്ക് നോം പ്രകാരം |
| പി.റ്റി.സി. സ്വീപ്പർ | 1 |
| ഇലക്ട്രിസിറ്റി വർക്കർ | 6 |

ഇലക്ട്രിക്കൽ സെക്ഷനുകളിൽ 19.09.2002 ൽ ഉണ്ടായിരുന്ന സ്റ്റാഫ് പാറ്റേൺ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അസിസ്റ്റന്റ് എൻജിനീയർ | 1 |
| സീനിയർ സൂപ്രണ്ട് | 1 |
| സബ് എൻജിനീയർ | 2 (10,000 ഉപഭോക്താക്കളിൽ താഴെയുള്ള സെക്ഷനുകളിൽ) 3 (10,000 ഉപഭോക്താക്കളിൽ കൂടുതലുള്ള സെക്ഷനുകളിൽ) |
| സീനിയർ അസിസ്റ്റന്റ് | വർക്ക് നോം പ്രകാരം |
| ഓവർസിയർ | 4 |
| ലൈൻമാൻ | വർക്ക് നോം പ്രകാരം |
| മീറ്റർ റീഡർ | വർക്ക് നോം പ്രകാരം |
| ഇലക്ട്രിസിറ്റി വർക്കർ | 6 |
| കാഷ്യർ | വർക്ക് നോം പ്രകാരം |
| പി.റ്റി.സി. സ്വീപ്പർ | 1 |

(ഡി) മോഡൽ സെക്ഷനാഫീസുകളിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാർ ജോലി ചെയ്യുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ഡി) മോഡൽ സെക്ഷന്റെ സുഗമമായ പ്രവർത്തനത്തിന് ലഭ്യമായജീവനക്കാരെ വിന്യസിക്കുവാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്